പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1874 — 19.06.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ പുന:സംഘടന

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. കെ. രാജു :

ശ്രീ. ജി. എസ്. ജയലാൽ :

(എ) വൈദ്യുതി ബോർഡിന്റെ പുന:സംഘടനയെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ;

(ബി) സംസ്ഥാന താല്പര്യം മുൻനിർത്തി വൈദ്യുതി നിയമം നിർമ്മിക്കണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശയിന്മേലുള്ള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) & (ബി) വൈദ്യുതി ബോർഡിൻെറ പുന:സംഘടനയെക്കുറിച്ചു പഠിക്കുന്നതിനായി നിയോഗിച്ച സമിതി 2007 ഡിസംബറിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ 2003 ലെ ഇലക്ട്രിസിറ്റി ആക്ട് 131-ാം വകുപ്പിൽ അനുശാസിച്ചിട്ടുള്ള പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിൻെറ ആസ്തി ബാദ്ധ്യതകൾ സർക്കാരിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു ട്രാൻസ്ഫർ സ്കീമിന് രൂപം കൊടുക്കുന്നതിനായി സംസ്ഥാന നിയമ സഭ ഒരു നിയമം പാസ്സാക്കേണ്ടതാണെന്നും അതിനു ശേഷം ഊർജ്ജ ഉല്പാദനം, പ്രസരണം, വിതരണം എന്നിവയ്ക്കായി ഒരു അൺ ലിമിറ്റഡ് കമ്പനി രജിസ്റ്റർ ചെയ്യുന്നതിനും ടി കമ്പനിയുടെ മുഴുവൻ ഓഹരികളും സർക്കാരിൻെറ ഉടമസ്ഥതയിലാക്കുന്നതിനും ഭാവിയിൽ ഓഹരികൾ സ്വകാര്യ കക്ഷികൾക്ക് കൈമാറുന്നത് നിയന്ത്രിക്കുന്നതിനും നിയമ സഭയ്ക്ക് സർക്കാരിന് നിർദ്ദേശം നൽകാൻ കഴിയുമെന്നുമാണ് ശുപാർശ ചെയ്തിരുന്നത്.

സമിതിയുടെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും 25-08-2008-ലെ ജി. ഒ. (എം. എസ്) നമ്പർ 29/08/ഊ.വ ഉത്തരവ് പ്രകാരം കെ. എസ്. ഇ. ബിയെ തത്വത്തിൽ 1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം പുന:സം

ഘടിപ്പിക്കുന്നതിനും പൊതുമേഖലയിൽ നിലനിർത്തുന്നതിനും ഉത്തരവായി. തുടർന്ന് 25-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 37/08/ഊ. വ പ്രകാരം കെ. എസ്. ഇ. ബി യുടെ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം 2008 പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി ബാദ്ധ്യതകൾ 1956 ലെ ഇൻഡ്യൻ കമ്പനി നിയമത്തിനു കീഴിൽ രൂപീകരിക്കുന്ന കമ്പനിയിലേക്ക് 30-09-2009 നു മുമ്പ് പുനർനിക്ഷിപ്തമാക്കണമെന്നാണ് ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിന്റെ ഖണ്ഡം 6 (1) അനുശാസിക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാരിൽ നിക്ഷിപ്തമായ മുൻ വൈദ്യുതി ബോർഡിന്റെ ആസ്തി ബാദ്ധ്യതകളെയും ജീവനക്കാരേയും പുതിയ കമ്പനിയിലേയ്ക്ക് പുനർനിക്ഷിപ്തമാക്കിക്കൊണ്ട് കേരള ഇലക്ട്രിസിറ്റി രണ്ടാം ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്) വിജ്ഞാപനം ചെയ്യേണ്ടത് സർക്കാരിന്റെ നിയമപരമായ ബാദ്ധ്യതയാണ്. ആയത് പുറപ്പെടുവിക്കുന്നതോടുകൂടി 2003 ലെ ഇലക്ട്രിസിറ്റി ആക്ട്, 2008-ലെ ഒന്നാം ട്രാൻസ്ഫർ സ്കീം എന്നിവയിൽ വ്യവസ്ഥ ചെയ്യുതു പ്രകാരമുള്ള വൈദ്യുതി ബോർഡിന്റെ പുന:സംഘടന സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിക്കുമെന്നതിനാൽ ഇതു സംബന്ധിച്ച് നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല എന്നാണ് കരുതുന്നത്.

സെക്ഷൻ ഓഫീസർ.